## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5505 01/07/2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശു മരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. ബി.ഡി. ദേവസ്സി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ എല്ലാംതന്നെ തൃപ്തികരമായ രീതിയിൽ നടപ്പാക്കുന്നുണ്ട് എന്നാണ് അവലോകനങ്ങളിൽ നിന്നും വ്യക്തമായിട്ടുള്ളത്. |
| (ബി) | എൻ.ആർ.എച്ച്.എം. നടത്തിയ സർവ്വേയിൽ പോഷകാഹാര കുറവ് മൂലം ഗുരുതരാവസ്ഥയിലായ നിരവധി കുട്ടികളെ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. 'ജാതക്, ജനനി' എന്നീ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ 5874 കുട്ടികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 108 കുട്ടികൾക്ക് (SAM) രൂക്ഷമായ പോഷകാഹാരക്കുറവുണ്ടെന്ന് എൻ.ആർ.എച്ച്.എം കണ്ടെത്തിയിട്ടുണ്ട്. മിതമായ (MAM) പോഷകാഹാരക്കുറവുള്ള 399 കുട്ടികളെയും തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവർക്ക് ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ മുഖേന ആരോഗ്യ പരിചരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശിശുമരണങ്ങളടക്കം അട്ടപ്പാടിയിൽ ആദിവാസികൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ ആദിവാസികൾക്ക് യാതൊരു പ്രയോജനവും നൽകിയില്ല എന്ന തരത്തിലുള്ള സർവ്വേ റിപ്പോർട്ട് അട്ടപ്പാടി പാക്കേജ് നടപ്പിലാക്കിയതിലെ വീഴ്ച മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ തൃപ്തികരമായി തന്നെ നടത്തപ്പെടുന്നുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ പട്ടികവർഗ്ഗക്കാർക്ക് വളരെയധികം പ്രയോജനം ഉള്ളതും ഇവരുടെ ജീവിതത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതുമാണ്. ആരോഗ്യ മേഖലയിലും, പോഷകാഹാര വിതരണ പദ്ധതികളിലും, ശുചിത്വം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലും നടപ്പാക്കിയ പുതിയ പദ്ധതികൾ പട്ടികവർഗ്ഗക്കാരുടെ ജീവിത രീതികളിലും ആരോഗ്യ സംരക്ഷണത്തിലും ഗുണകരമായി ഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം കുട്ടികളും ഗർഭിണികളുമടക്കമുള്ള ആദിവാസികൾക്ക് പ്രയോജനകരമായ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാതെ വന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുട്ടികളും ഗർഭിണികളും അടക്കമുള്ള പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പുകളുടെ ശരിയായ ഏകോപനം, സർക്കാർ അതിനായി ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർ (ഡോ. എസ്. സുബ്ബയ്യ, ഐ.എ.എസ് (റിട്ട)) ഉറപ്പു വരുത്തുന്നുണ്ട്. ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും ചേർന്ന് പുരോഗതി കൃത്യമായി വിലയിരുത്തിവരുന്നു. കൂടാതെ, ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നു വരുന്ന ഉന്നതതലയോഗം ഇക്കാര്യം അവലോകനം ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ചെയർമാനും, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വൈസ് ചെയർപേഴ്സണുമായി ഒരു ഉന്നതതല കമ്മിറ്റിയും ഇതിനായി പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**